പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 619 — 29.07.2015-ൽ മറുപടിക്ക്

ഇന്റർസ്റ്റേറ്റ് ബസ്സുകളുടെ നവീകരണവും ആധുനികവൽക്കരണവും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ഡി. സതീശൻ :<br>" ജോസഫ് വാഴയ്ക്കൻ :<br>" കെ. മുരളീധരൻ :<br>" കെ.എസ്. ശബരീനാഥൻ : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. ഇന്റർസ്റ്റേറ്റ് ബസ്സുകളുടെ നവീകരണത്തിനും ആധുനികവൽക്കരണത്തിനും പദ്ധതികൾ നടപ്പാക്കുന്നുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; | (ബി) യും (സി) യും | കെ.എസ്.ആർ.ടി.സി.യുടെ സർവ്വീസുകൾ വിപുലീകരിക്കുക എന്ന ലക്ഷ്യത്തോടെയും അന്തർ സംസ്ഥാന സർവ്വീസുകൾ മറ്റ് സംസ്ഥാനങ്ങളിലേക്ക് വ്യാപിപ്പിക്കുക എന്ന ഉദ്ദേശത്തോടെയും കെ.എസ്.ആർ.ടി.സി കർണ്ണാടക, തമിഴ്നാട് എന്നീ സംസ്ഥാനങ്ങൾക്ക് പുറമെ ഇതര സമീപ സംസ്ഥാനങ്ങളിലേക്കും സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരികയാണ്. അതിന്റെ ഭാഗമായി ഗോവ, ആന്ധ്രാപ്രദേശ്, തെലുങ്കാന എന്നീ സംസ്ഥാനങ്ങളുമായും കേന്ദ്രഭരണ പ്രദേശമായ പുതുച്ചേരിയുമായും അന്തർ സംസ്ഥാന കരാറുകളിൽ ഏർപ്പെട്ട് അവിടങ്ങളിലേക്ക് പുതിയ സർവ്വീസുകൾ ആരംഭിക്കുന്നതിന് കെ.എസ്. ആർ.ടി.സി പദ്ധതി ആവിഷ്കരിച്ചിരിക്കുകയാണ്. മഹാരാഷ്ട്രയുമായി അന്തർ സംസ്ഥാന കരാറിൽ ഏർപ്പെടാതെ എൻട്രി ടാക്സ് നൽകി കോഴിക്കോട് നിന്നും ഗോവ വഴി മുംബൈയ്ക്ക് ഒരു സർവ്വീസ് ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. അതോടൊപ്പം ഗോവയിലെ പനാജിയിലേക്കും, തെലുങ്കാനയിലെ ഹൈദരബാദിലേക്കും, ആന്ധ്രാപ്രദേശിലെ പുട്ടപർത്തി, തിരുപ്പതി എന്നിവിടങ്ങളിലേക്കും |
| (സി) | പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | | |

പുതുച്ചേരിയിലേക്കും സർവ്വീസുകൾ ആരംഭിക്കുന്നതിന് പ്രാഥമിക ചർച്ചകൾ പൂർത്തിയാക്കുകയും തുടർനടപടികൾ കൈക്കൊണ്ടു വരികയുമാണ്. സാങ്കേതിക മികവുള്ള ആധുനിക ബസ്സുകൾ ഉപയോഗിച്ചാണ് ടി സർവ്വീസുകൾ നടത്തുന്നതിന് തീരുമാനിച്ചിട്ടുള്ളത്. അതിന്റെ ഭാഗമായി കെ.എസ്. ആർ.ടി.സി ബംഗളൂരുവിലേക്ക് നടത്തുന്ന അന്തർ സംസ്ഥാന സർവ്വീസുകൾക്ക് 10 വോൾവോ മൾട്ടി ആക്സിൽ എ.സി ബസ് ഉപയോഗിച്ച് വരുന്നുണ്ട്. മൾട്ടി ആക്സിൽ ബസ്സുകൾ ഉപയോഗിച്ച് കോഴിക്കോട്, എറണാകുളം, കോട്ടയം എന്നിവിടങ്ങളിൽ നിന്നും ബംഗളൂരുവിലേക്ക് ഓരോ സർവ്വീസും, തിരുവനന്തപുരത്ത് നിന്നും 2 സർവ്വീസും നടത്തി വരുന്നുണ്ട്. പുറമെ അന്തർ സംസ്ഥാന സർവ്വീസുകൾക്കായി പുഷ്ബാക് സീറ്റ് സംവിധാനമുള്ള 45 ഡീലക്സ് ബസ്സുകളും ഉപയോഗിച്ചു വരുന്നു. സ്കാനിയ എന്ന ആധുനിക എ.സി ബസ് കെ.എസ്. ആർ.ടി.സി ഇപ്പോൾ പരീക്ഷണാർത്ഥം ഓടിച്ചുവരികയാണ്. വോൾവോ, സ്കാനിയ പോലുള്ള അത്യാധുനിക സൗകര്യങ്ങളുള്ള ബസ്സുകൾ ഉപയോഗിച്ച് മേൽ പ്രതിപാദിച്ച അന്തർ സംസ്ഥാന സർവ്വീസുകൾ നടത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഇത്തരം ബസ്സുകൾ വാങ്ങുന്നതിനായി പദ്ധതി വിഹിതത്തിൽപ്പെടുത്തി 1955 കോടി രൂപ സർക്കാർ ധനസഹായം അനുവദിച്ചിട്ടുണ്ട്. യാത്രക്കാരുടെ സൗകര്യാർത്ഥം ഓൺലൈൻ റിസർവേഷനിൽ നേരത്തെ ഉണ്ടായിരുന്ന അപാകതകൾ പരിഹരിച്ച് പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. പുറമേ റിസർവേഷൻ ഫ്രാഞ്ചൈസിക്ക് നൽകുന്നതിനും കെ.എസ്.ആർ.ടി.സി.ക്ക് പദ്ധതിയുണ്ട്. മേൽ സൂചിപ്പിച്ച പദ്ധതികളിലൂടെ അന്തർ സംസ്ഥാന സർവ്വീസുകൾ കാര്യക്ഷമമാക്കുന്നതോടൊപ്പം ആധുനിക വത്കരിക്കുന്നതിനും കഴിയുമെന്ന് കരുതുന്നു.

സെക്ഷൻ ഓഫീസർ